പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4436

26.06.2014 -ൽ മറുപടി നൽകേണ്ടത്

## കൊട്ടക്കാമ്പൂരിലെ ഭൂമി ഇടപാടുകൾ സംബന്ധിച്ച അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.എ. മാധവൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ കൊട്ടക്കാമ്പൂരിലെ ഭൂമി ഇടപാടുകൾ സംബന്ധിച്ച അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; | (എ)ഇടുക്കി ജില്ലയിലെ വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലേയും, കറിഞ്ഞിമല സങ്കേതത്തിലേയും സർക്കാർ ഭൂമികളിലെ കൈയ്യേറ്റങ്ങളും മറ്റ് നിയമ ലംഘന പ്രവർത്തനങ്ങളും പരിശോധിച്ച് സർക്കാരിന് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആഭ്യന്തരവും വിജിലൻസും അഡീഷണൽ ചീഫ് സെക്രട്ടറി ഡോക്ടർ നിവേദിതാ.പി. ഹരന്റെ നേതൃത്വത്തിൽ പ്രത്യേക ഉന്നത തല അന്വേഷണ സംഘത്തെ നിയമിച്ചിട്ടുണ്ട്. കറിഞ്ഞിമല സാങ്ച്വറിയിലെ സ്വകാര്യ ഭൂമികൾ തിട്ടപ്പെടുത്തുന്നതിനും അതിർത്തികൾ തിരിക്കുന്നതിനും പ്രത്യേക സംഘത്തെ നിയമിക്കണമെന്ന് ഡയറക്ടർ സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സിന് ഉത്തരവ് നൽകിയിട്ടുണ്ട്.IAS കേഡറിലുള്ള സബ് കളക്ടറെ ദേവികുളത്ത് നിയമിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രാഥമിക അന്വേഷണങ്ങളിൽ കണ്ടെത്തിയ അപാകതകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) (സി)&(ഡി) പ്രത്യേക ഉന്നതതല അന്വേഷണ സംഘത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതേയുള്ളൂ. ഇടുക്കി ജില്ലയിലെ വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലേയും, കറിഞ്ഞിമല സങ്കേത ത്തിലേയും സർക്കാർ |

| | |
|---|---|
| (സി) പ്രത്യക അന്വേഷണ സംഘം എന്നു മുതൽ പ്രവർത്തനം ആരംഭിച്ചുവെന്നും പരിഗണനാ വിഷയങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | ഭൂമികളിലെ കൈയ്യേറ്റങ്ങളും മറ്റ് നിയമലംഘനപ്രവർത്തനങ്ങളും സംബന്ധിച്ചാണ് പ്രസ്തുത സമിതി പരിശോധിക്കുന്നത്. 02.08.2014ന് മുമ്പ് റിപ്പോർട്ട് നൽകണമെന്ന് |
| (ഡി) അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | പ്രസ്തുത അന്വേഷണ സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

C.L.V. Kumar

സെക്ഷൻ ഓഫീസർ